"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- വർക്കല മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. സജീഷ് ആർ. അപ്പീൽ എന്ന പേരിൽ സമർപ്പിച്ച പുനഃപരിശോധന ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്.**

സ.ഉ.(സാധാ) നം.837/2026/LSGD തീയതി,തിരുവനന്തപുരം, 30-03-2026

---

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 04.05.2015-ലെ ഇ1(എസ് സി33/2014/എസ്ആർഡി) 31059/2014 നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം.2190/2023/തസ്വഭവ, തീയതി 07.11.2023.
3. വർക്കല മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. സജീഷ് ആർ. സമർപ്പിച്ച 26.12.2023-ലെ പുനഃപരിശോധന ഹർജി.
4. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.04.2025-ലെ LSGD-PD/48732/2023-VIGA5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം വർക്കല മുനിസിപ്പാലിറ്റിയിലെ വാഹനങ്ങൾ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നു എന്ന പേരിൽ ലഭ്യമായ പരാതിയുടെ അടിസ്ഥാനത്തിൽ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ മുനിസിപ്പൽ വാഹനങ്ങൾ നല്ല രീതിയിൽ സൂക്ഷിക്കുന്നതിനു വേണ്ട ഒരു നടപടിയും ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായിരുന്നില്ലെന്നും വർക്ക്ഷോപ്പിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ അശ്രദ്ധമായി കൈകാര്യം ചെയ്തതായും മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളെ സംബന്ധിച്ച രജിസ്റ്ററുകളും റെക്കോഡുകളും യഥാവിധം സൂക്ഷിച്ചിട്ടില്ലെന്നും ആയതിന് ഉത്തരവാദികളായ ജീവനക്കാർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീമതി ഗംഗ ആർ.എസ്.(പെൻ-613846) ശ്രീ. പ്രസന്നഭാസ് ഇ.ആർ., ശ്രീ. എൻ. നികേഷ്യസ്, ശ്രീ. എസ്.കെ.സുരേഷ് കുമാർ, ശ്രീ. അജിത്കുമാർ ജി.എസ്.(പെൻ-534505) ശ്രീ. സജീഷ് ആർ.

(പെൻ-494626), അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീ. ലിജു എൽ.എസ്.(പെൻ-692856) ശ്രീ. എസ്. സുരേഷ് കുമാർ (പെൻ-693638), ശ്രീ. ജയശങ്കർ, ശ്രീ. ജയദാസ് ഡി (പെൻ-616633) ശ്രീ. രാധാകൃഷ്ണൻ നായർ, ശ്രീമതി ദീപ ഡി.ആർ.(പെൻ-678777), ശ്രീ. ശിവൻകുട്ടി എ., ഒന്നാം തരം ഓവർസിയർമാരായ ശ്രീ. ജലജകുമാർ വൈ.(പെൻ-128399), ശ്രീ. മഹേഷ് കുമാർ എം.(പെൻ-429546), ശ്രീമതി സ്മിത ബി.എസ്.(പെൻ- 678056) എന്നിവരാണെന്ന് കണ്ടെത്തുകയും ടി ജീവനക്കാർക്കെതിരെ വകുപ്പുതല നടപടിക്ക് വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്യുകയുമുണ്ടായി.

ടി ശിപാർശയുടെ അടിസ്ഥാനത്തിൽ സർവ്വീസിലുള്ള കുറ്റാരോപിതരായ ജീവനക്കാർക്കെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്കനടപടി ആരംഭിക്കുകയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അജിത്കുമാർ ജി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീ. ജയദാസ് ഡി., ശ്രീമതി ദീപ ഡി.ആർ., ഒന്നാം ഗ്രേഡ് ഓവർസിയർ ശ്രീ. ജലജകമാർ വൈ. എന്നിവരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടില്ല എന്നതിനാൽ ടിയാളുകളെ തുടർനടപടികളിൽ നിന്നും ഒഴിവാക്കികൊണ്ടും അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീമതി ഗംഗ ആർ.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. എസ്. സുരേഷ് കുമാർ, ഒന്നാം ഗ്രേഡ് ഓവർസിയർമാരായ ശ്രീമതി സ്മിത ബി.എസ്., ശ്രീ. മഹേഷ് കമാർ എം. എന്നിവരുടെ ഭാഗത്തുനിന്നും ജാഗ്രതക്കുറവ് സംഭവിച്ചിട്ടുള്ളതിനാൽ ഇത്തരം കാര്യങ്ങളിൽ ജാഗ്രത പുലർത്തുന്നതിനായി ടിയാളുകൾക്ക് Censure നൽകിയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. സജീഷ് ആർ., അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ലിജു എൽ.എസ്. എന്നിവരുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതിനാൽ ടിയാളുകളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ തടഞ്ഞുകൊണ്ടും, സേവനത്തിൽ നിന്നും വിരമിച്ച മറ്റ് ഉദ്യോഗസ്ഥരെ നടപടികളിൽ നിന്ന് ഒഴിവാക്കിയും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായി.

ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ തടഞ്ഞ പ്രസ്തുത ഉത്തരവിനെതിരെ വർക്കല മുൻസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. സജീഷ് ആർ അപ്പീൽ എന്ന പേരിൽ പരമർശം (3) പ്രകാരം പുന:പരിശോധന ഹർജി സമർപ്പിച്ചു.

പ്രസ്തുത ഹർജിയിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ

പരാമർശം (4) അഭിപ്രായക്കുറിപ്പിൽ, വർക്കല നഗരസഭയിലെ ചവർ സംസ്കരണ പ്ലാന്റിന്റെ ആവശ്യത്തിനായി 2010 ജൂലൈയിൽ KL. 16 F 7598, KL. 16 F 7599 എന്നീ പിക് അപ് ഗുഡ്സ് ഓട്ടോകൾ ഫിറ്റ്നെസ്സ് ടെസ്റ്റ് നടത്തി ഉപയോഗിക്കാൻ യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചില്ല എന്നും രണ്ടു വാഹനങ്ങളും കൂടി ഉപയോഗയോഗ്യമാക്കാൻ 68,872/- രൂപ ചിലവാകും എന്നുള്ള എസ്റ്റിമേറ്റ് സിദ്ധിവിനായക ഓട്ടോ മൊബൈൽസിൽ നിന്നും ലഭിച്ചുവെന്ന് ഓവർസിയർ 08/07/2013 തീയതിയിൽ റിപ്പോർട്ട് ചെയ്യുകയും 23/07/2013-ൽ ടി എസ്റ്റിമേറ്റ് കൗൺസിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും 25/11/2013-ൽ അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു എന്നും വർക്കല നഗരസഭയിൽ 27/11/2013 മുതൽ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. സജീഷ് ആർ. -ന് 04/12/2013 -ൽ കൗൺസിൽ അംഗീകാരം ലഭിച്ച പ്രകാരം വർക്ക് ഓർഡർ നൽകാമെന്ന് ശിപാർശ ചെയ്ത് ഫയൽ സമർപ്പിക്കുകയും ആയതിൽ PWD മെക്കാനിക്കൽ സെക്ഷനിൽ നിന്നും സാങ്കേതിക അനുമതി കൂടി ലഭ്യമാക്കണം എന്ന് ശ്രീ. സജീഷ്. ആർ നിർദേശിക്കുകയും 27/12/2013 തീയതിയിൽ ആയതിനുള്ള കത്ത് നൽകുകയും ചെയ്തിരുന്നു എന്നും പിന്നീട് 16.12.2014-ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വർക്കല നഗരസഭയിൽ മിന്നൽ പരിശോധന നടത്തുന്നതുവരെയും ടി ഫയലിന്മേൽ യാതൊരുവിധ തുടർനടപടികളും സ്വീകരിച്ചിട്ടില്ല എന്നും ശേഷം 27.12.2013 -നാണ് PWD മെക്കാനിക്കൽ വിഭാഗത്തിനു സാങ്കേതിക അനുമതിക്ക് കത്ത് നൽകിയിട്ടുള്ളത് എന്നും പ്രസ്തുത സാഹചര്യത്തിൽ ടി വിഷയത്തിൽ ശ്രീ. സജീഷ് ആർ. -ന്റെ ഭാഗത്ത് നിന്നും മേൽനോട്ട കുറവ് സംഭവിച്ചു എന്ന വീഴ്ച നിലനിൽക്കുന്നതാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. സജീഷ് ആർ.-ന്റെ പുനഃപരിശോധന ഹർ ജി സർക്കാർ വിശദമായി പരിശോധിച്ചതിൽ, അച്ചടക്കനടപടിയിലെ പ്രതിവാദപത്രികയിലെ വാദങ്ങൾ തന്നെയാണ് പുനഃപരിശോധന ഹർജിയിൽ വീണ്ടും ഉന്നയിച്ചിട്ടുള്ളത് എന്നും പുതിയ വാദങ്ങളൊന്നും പുനഃപരിശോധന ഹർജിയിൽ ഉന്നയിച്ചിട്ടില്ല എന്നും ആകയാൽ പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം അംഗീകരിയ്ക്കാവുന്നതാണ് എന്നും ബോധ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വർക്കല മുൻസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. സജീഷ് ആർ. പരാമർശം 2 സർക്കാർ ഉത്തരവിനെതിരെ അപ്പീൽ എന്ന പേരിൽ സമർപ്പിച്ച പുനഃപരിശോധന ഹർജി കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 35 പ്രകാരം പരിശോധിച്ച്

ആയതിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

C M AJAYA MOHAN

സ്പെഷ്യൽ സെക്രട്ടറി

1. ശ്രീ. സജീഷ് ആർ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, വർക്കല മുനിസിപ്പാലിറ്റി, തിരുവനന്തപുരം. **(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഈ ഉത്തരവു പ്രകാരമുള്ള തുടർ നടപടിയ്ക്കായി)**
3. ചീഫ് എഞ്ചിനിയർ, LID&EW, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (E4/17278/2019/CE/LSGD)
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5. വിജിലൻസ് (ഡി) വകുപ്പ്.
6. തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്.
7. അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
8. വെബ് & ന്യൂ മീഡിയ വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം.

Signed by
Asha. R
Date: 30-03-2026 16:49:38

സെക്ഷൻ ഓഫീസർ.